LIBRARY ARCHIVES Kerala Legislative Assembly

കുടപ്പനക്കുന്നിൽ പുതിയ സെക്ഷൻ ഓഫീസ്

78 [1200] ശ്രീ. കെ. മോഹൻകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2001 മേയ് മാസത്തിനുശേഷം തലസ്ഥാന മേഖലയിലെ വൈദ്യുതി വിതരണ സംവിധാനം ആധുനികമാക്കാനും അഭിവൃദ്ധിപ്പെടുത്താനും എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ ;

(ബി) ഈ കാലയളവിൽ തലസ്ഥാന മേഖലയിൽ എത്ര പുതിയ ഗാർഹിക കണക്ഷനുകൾ നൽകിയെന്ന് അറിയിക്കാമോ ;

(സി) സിവിൽ സ്റ്റേഷൻ സമുച്ചയമുയരുന്ന കുടപ്പനക്കുന്നിൽ പുതിയ സെക്ഷൻ ഓഫീസ് അനുവദിക്കണമെന്ന നിവേദനത്തിന്മേൽ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) തിരുവനന്തപുരം നഗരത്തിൽ 300 കി.മീ. 11 കെ.വി. കേബിൾ സ്ഥാപിക്കുകയും അവ റിംഗ് മെയിൻ യൂണിറ്റുകളുമായി ബന്ധപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഇതിൽ 89 എണ്ണം കൺട്രോൾ റൂമിൽ നിന്നും പ്രവർത്തിപ്പിക്കത്തക്ക വിധം ആട്ടോമേഷൻ നടത്തിയിട്ടുണ്ട്. കൂടാതെ, നഗരത്തിലെ 21 സെക്ഷനുകളിലെ ഉപഭോക്താക്കൾക്ക് മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിന് 7 മൊബൈൽ യൂണിറ്റുകളും അവയുടെ നിയന്ത്രണത്തിനായി ട്രബിൾ കോൾ മാനേജ്മെന്റ് സിസ്റ്റവും പ്രവർത്തിക്കുന്നുണ്ട്. ഇതിനുപുറമേ, ഇപ്പോഴുള്ള എൽ.റ്റി./11 കെ.വി. വിതരണ ശൃംഖല നവീകരിക്കുന്നതിനും ഡിസ്ട്രിബ്യൂഷൻ ആട്ടോമേഷൻ പൂർണ്ണ രീതിയിൽ ആധുനികവൽക്കരിക്കുന്നതിനും 139.85 കോടി രൂപയുടെ (കേന്ദ്ര ഗവൺമെന്റിന്റെ സഹായമുള്ള) ഊർജ്ജിത ഊർജ്ജ വികസന പദ്ധതി നടപ്പിലാക്കി വരുന്നു. കൂടാതെ വൈദ്യുതി ശൃംഖല ശക്തിപ്പെടുത്തുന്നതിനുവേണ്ടി ഊർജ്ജിത ഊർജ്ജ വികസന പദ്ധതിയിൽ ഉൾപ്പെടുത്തി തിരുവനന്തപുരം, നെടുമങ്ങാട്, നെയ്യാറ്റിൻകര, ആറ്റിങ്ങൽ, വർക്കല എന്നീ പ്രദേശങ്ങൾക്കായി 46 കോടി രൂപയുടെ പദ്ധതിയും നടപ്പിലാക്കി വരുന്നു. കൂടാതെ പ്രസരണ വിഭാഗത്തിന്റെ കീഴിൽ തലസ്ഥാന മേഖലയിൽ പുതിയതായി 15 ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ചിട്ടുണ്ട്.

(ബി) 2,81,037.

(സി) പരിശോധനയിലാണ്.

ഇടപ്പോൺ 220 കെ.വി. ട്രാൻസ്മിഷൻ സ്റ്റേഷന്റെ നിർമ്മാണം

79 [1201] ശ്രീ. കെ. കെ. ഷാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ ജില്ലയിൽ ഇടപ്പോൺ 220 കെ.വി. ട്രാൻസ്മിഷൻ സ്റ്റേഷന്റെ നിർമ്മാണം പൂർത്തീകരിക്കാത്തതിന്റെ കാരണങ്ങൾ വിശദമാക്കാമോ ;

(ബി) ഈ പദ്ധതി എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ;